ചിന്താവിഷയം ലിൻറാ ജി ദാനം

മലയാളം ഓപ്ഷണൽ

## ഭീകരവാദത്തിനെതിരെ നമ്മുടെ സമീപനം

ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ഭീഷണിയായി മാറിയിരിക്കുകയാണ് തീവ്രവാദം. ഒരു രാജ്യവും തീവ്രവാദ ഭീഷണിയിൽ നിന്നും മോചിതമല്ല. ദേശീയവും അന്തർദേശീയവുമായ സുരക്ഷാ ക്രമീകരണങ്ങളുടെ പട്ടിക നോക്കിയാൽ ഭീകരർ ഉയർത്തുന്ന വെല്ലുവിളികൾ എത്രയെന്ന് കാണാൻ കഴിയും. ഭാരതത്തിൽ തന്നെ കാശ്മീരിലും ഡൽഹിയിലും ബോംബയിലും നടന്ന സ്ഫോടന പരമ്പരകൾ ഭീകരർ നമ്മുടെ മധ്യത്തിൽ തന്നെ ഉണ്ടെന്ന് വിളിച്ചറിയിക്കുകയാണ്. എത്രയെത്ര നിഷ്കളങ്കരുടെ ചോരയാണ് ഇവർ ചിന്തുന്നത്.

### എന്താണ് തീവ്രവാദം?

തങ്ങളുടെ വിശ്വാസങ്ങൾക്കും തത്വങ്ങൾക്കും സിദ്ധാന്തങ്ങൾക്കും എതിരായി നിൽക്കുന്നു എന്ന് തോന്നുന്നവരെ ശത്രുക്കളായി പ്രഖ്യാപിച്ചുകൊണ്ട് അവരെ നശിപ്പിക്കാൻ പ്രതിജ്ഞചെയ്യുകയും അതു നടപ്പിലാക്കുകയുമാണ് തീവ്രവാദം. ഇതിലേക്ക് ഒരു വ്യക്തിയെ ചേർത്താൽ ഏജൻറുമാർക്ക് 25 ലക്ഷം രൂപവരെ പ്രതിഫലമായി ലഭിക്കുന്നു. തീവ്രവാദം എന്ന വാക്കിൻെറ അർത്ഥം തീവ്രമായി അഭിപ്രായംഗതി എന്നാണ്. ജനിക്കുമ്പോൾ ആരും തീവ്രവാദിയായി ജനിക്കുന്നില്ല. വാത്സല്യം കിട്ടേണ്ട സമയത്ത് കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ സ്നേഹം അനുഭവിച്ചറിയണം. പണത്തിനും ഉയർച്ചക്കും വേണ്ടി വിദേശത്തു പോകുന്ന മാതാപിതാക്കൾ ധാരാളമുണ്ട്. സ്നേഹം നഷ്ടപ്പെടുന്ന മക്കൾ വലുതാകുന്തോറും വൈരാഗ്യമുള്ളവരായി മാറും. സന്ദർഭം കിട്ടുമ്പോൾ തങ്ങൾക്ക് സ്വീകാര്യമായ വഴികൾ തെരെഞ്ഞെടുത്ത് പുറത്തു ചാടും. ചെന്നു ചാടുന്നതോ സാമൂഹ്യ ദ്രോഹികളുടെ കയ്യിലും. ഇത് ഒരിക്കലും അനുവദിച്ചുകൂടാ.

കുശവൻ തൻെറ കൈയിലെ കളിമണ്ണ് കൊണ്ട് എപ്രകാരമാണോ മനോഹരമായ മൺപാത്രം വാർത്തെടുക്കുന്നത് അതുപോലെ നമ്മുടെ മുമ്പിൽ വരുന്ന ഓരോ കുഞ്ഞുങ്ങളേയും ശരിയായ രീതിയിൽ വാർത്തെടുക്കേണ്ടത് അധ്യാപകരായ നമ്മുടെ കടമയാണ്. അതു തന്നെയാണല്ലോ വിദ്യാഭ്യാസത്തിലൂടെ ഒരുവ്യക്തിയുടെ സ്വഭാവ രൂപീകരണവും, വ്യക്തിത്വ വികസനവും സാധ്യമാക്കേണ്ടത്. നമ്മുടെ കടമയാണ്. സ്നേഹം, ക്ഷമ, ത്യാഗം, വിനയം പരോപകാരം തുടങ്ങിയ സത്ഗുണങ്ങളെക്കുറിച്ച് കുട്ടികളെ ബോധ്യമാക്കേണ്ടത് ആരുടെ കടമയാണ്? ചിന്തിക്കു. “ബാലൻ നടക്കേണ്ടുന്ന വഴികൾ അഭ്യാസിക്ക്, അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.” എന്നു ശലമോൻ രാജാവ് പറഞ്ഞകാര്യം എത്ര ശരിയാണ്.

ഓരോ കുഞ്ഞും നടക്കേണ്ടുന്ന വഴിയിൽ അഭ്യസിച്ചാൽ ഓരോ പൂമൊട്ടുകളും സാവകാശം വളർന്നു വിടർന്നു ചുറ്റും സുഗന്ധം പരത്തുന്നതുപോലെ ഓരോ കുട്ടിയും നന്നായി വളർന്ന് വിടർന്നാൽ ലോകത്ത് സുഗന്ധം പരത്താൻ കഴിയും. അങ്ങനെ തീവ്രവാദത്തെ തുടച്ചുനീക്കാൻ നമ്മെ കൊണ്ടാവില്ലേ?